കഷ്ടപ്പാടിനെ കുറിച്ചുള്ള ഭയം കഷ്ടപ്പാടിനെക്കാൾ കഠിനമാണെന്ന് തിരിച്ചറിയുക. സ്വപ്നങ്ങൾക്ക് പിറകേ സഞ്ചരിക്കുമ്പോൾ മാർഗം എത്ര ദുർഘടമായാലും അതിന്റെ യാതന നമ്മൾ തിരിച്ചറിയുന്നില്ല. കാരണം അത് പരമമായ സത്യവുമായുള്ള കൂടിക്കാഴ്ചയാണ്.



പൗലോ കൊയ്‌ലോ

അവസരങ്ങൾ തേടിയെത്തുമ്പോൾ ജാഗരൂകരാവണം

ജോബ് പോയിന്റ്

ബേബി ജോസഫ്

ഉല്ലാസ് പഠനത്തിൽ അതിസമർത്ഥനായിരുന്നു. എല്ലാ ക്ലാസുകളിലും ഒന്നുകിൽ ഒന്നാമൻ, അല്ലെങ്കിൽ മുൻനിരക്കാരിൽ ഒരുവൻ! ഉയർന്ന ഡിഗ്രികൾ നേടി. കൂട്ടത്തിൽ ഉന്നത സാങ്കേതിക യോഗ്യതകളും മികവും ഉല്ലാസിനു സ്വന്തം. ഒരു നല്ല ജോലിക്കായി കുറേ നാളായി ശ്രമിക്കുന്നു. എന്നാൽ, ഉചിതമെന്നു തോന്നുന്നതൊന്നും കൈവരുന്നില്ല.

അന്നൊരു ദിവസം ഉല്ലാസ് ഉറങ്ങാൻ കിടന്നതിനു ശേഷം വളരെ വൈകി അയാളുടെ മൊബൈൽ ഫോൺ ശബ്ദിച്ചു. ഉറക്കച്ചടവോടെ ഫോൺ എടുത്തു, 'ഒരു പ്രധാനകാര്യം സംസാരിക്കാനാണ് വിളിക്കുന്നത്. താങ്കൾക്ക് ബുദ്ധിമുട്ടില്ലല്ലോ' വിളിച്ചയാൾ ചോദിക്കുന്നു. ഒരു നിമിഷം മറുപടി ഒന്നും പറഞ്ഞില്ല. അടുത്ത നിമിഷം അനുകൂലമായ അർത്ഥത്തിൽ ഉല്ലാസ് ഒന്നു മൂളി. 'ഒരു ജോബ് ഓഫറിനെപ്പറ്റി പറയാനാണ്' വീണ്ടും ശബ്ദം. ഇതു കേട്ടപ്പോൾ ഉല്ലാസ് ഒന്നുകൂടി മൂളി, അത്രമാത്രം! അങ്ങനെ സംഭാഷണം അവസാനിച്ചു. ഉല്ലാസ് ഉറക്കത്തിലേക്ക് വഴുതിവീഴുകയും ചെയ്തു.

പിറ്റേ ദിവസം രാവിലെ ഉണർന്നുകഴിഞ്ഞ് പതിവുപോലെ ഫോണിലെ രാത്രി സന്ദേശങ്ങൾ ഉല്ലാസ് പരിശോധിക്കുകയായിരുന്നു. പെട്ടെന്ന് അയാൾ ഞെട്ടിത്തരിച്ചുപോയി. ശരീരമാകമാനം വിയർത്തുകുളിച്ചു. താൻ നിൽക്കുന്ന ഇടം താഴ്ന്നു പോകുന്നതായി അയാൾക്കു അനുഭവപ്പെട്ടു. ഒരു ലോകോത്തര ഐ.ടി സ്ഥാപനത്തിന്റെ ഇന്ത്യയിലെ റിക്രൂട്ട്മെന്റ് മേധാവിയുടേതായിരുന്നു ഇതിലെ ഒരു സന്ദേശം. രാത്രി വൈകി നടന്ന ഫോൺ വിളി ഓർമ്മിപ്പിച്ചുകൊണ്ട് അദ്ദേഹം അറിയിച്ചത് ഇങ്ങനെയായിരുന്നു. 'താങ്കളുടെ പ്രൊഫൈൽ കണ്ടിരുന്നു. കമ്പനിയുടെ ഒരു പ്രധാന ദൗത്യം ഏറ്റെടുക്കാൻ തയ്യാറാണോ എന്നറിയാനാണ് വിളിച്ചത്. എന്നാൽ താങ്കളുടെ പ്രതികരണം വ്യക്തമാകാത്തതിനാൽ ഓഫർ ഇപ്പോൾ നിലനിൽക്കുന്നില്ല.'

താൻ സ്വപ്നം കണ്ടിരുന്ന പ്രശസ്തമായ ഒരു സ്ഥാപനത്തിലെ വളരെ ഉന്നതമായ ഒരു പദവിയാണ് ഉല്ലാസ് തട്ടിത്തെറുപ്പിച്ചത്. ആഗ്രഹിച്ചിരുന്ന അവസരം വന്ന് മുട്ടിവിളിച്ചപ്പോൾ ഉല്ലാസ് ആലസ്യത്തിലായിരുന്നു. വിളിയുടെ ഉള്ളിലേക്ക് കടക്കാനും അയാൾക്ക് കഴിഞ്ഞില്ല. യഥാർത്ഥ വിളി തിരിച്ചറിയാന അയാൾക്കായില്ല. അങ്ങേതലയ്ക്കൽ സംസാരിച്ചത് ഒരു പ്രൊഫഷണൽ വിദഗ്ദ്ധനായിരുന്നു. അകലെയിരുന്നുകൊണ്ടും ഒരാളെ അടുത്തറിയാനും അയാളുടെ ശ്വാസഗതികൾ പോലും അളന്നു കുറിക്കാനും അറിവുള്ളവരാണ് ഇങ്ങനെയുള്ളവർ. ഉല്ലാസിന്റെ മൂളലും മയക്കവും അദ്ദേഹത്തിൽ ഉളവാക്കിയത് അയാളുടെ സ്വാഭാവിക ഭാവങ്ങളാണ്. അടിസ്ഥാന മനോഭാവമാണ്. പലപ്പോഴും അനേകമാളുകൾ ഉല്ലാസിനെപ്പോലെയാണ്. അതിനാൽ കൂടുതൽ ജാഗരൂകരാകേണ്ടിയിരിക്കുന്നു.

* അവസരങ്ങളുടെ വിളികൾ ഏതു നിമിഷവും പ്രതീക്ഷിക്കണം. പകൽ മാത്രമല്ല രാത്രിയുടെ വൈകിയ യാമങ്ങളിലും പെരുമഴയിലും കൊടുങ്കാറ്റിലും ഈ വിളികൾ വന്നണയും.

* ഒരു വിളിയും അവഗണിക്കാൻ പാടില്ല. ഒന്നും അപ്രധാനമല്ല, ചിലപ്പോൾ അവ പെട്ടെന്നു തിരിച്ചറിയാൻ കഴിയണമെന്നില്ല. പ്രത്യക്ഷത്തിൽ ബന്ധമില്ലാത്ത വ്യക്തികളിലൂടെയും സ്രോതസ്സുകളിലൂടെയുമായിരിക്കും അവ വന്നെത്തുന്നത്.

* ശരീരത്തിനും മനസിനും രോഗവും ക്ഷോഭവും ക്ഷീണവും ഉണ്ടാകുന്നത് അസാധാരണമല്ല. എന്നാൽ ഇത്തരം അവസ്ഥകളിൽ പ്രതികരിക്കുമ്പോൾ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

* അവസരങ്ങൾ മുട്ടിവിളിക്കുന്നത് ചിലപ്പോൾ നാം അറിയുകപോലുമില്ല, കാണാനും കേൾക്കാനും കഴിഞ്ഞെന്നു വരികയുമില്ല. കാരണം, ഉള്ളിലും പുറത്തും ശബ്ദകോലാഹലമാണ്, കാഴ്ചകൾ അതിശീഘ്രം മിന്നിമറയുകയാണ്,. ഒന്നും തങ്ങിനിൽക്കുന്നില്ല. അതിനാൽ സദാ ജാഗരൂകരായിരിക്കണം. കണ്ണും കാതും കൂർപ്പിക്കണം.

ഇതോടൊപ്പം നഷ്ടപ്പെട്ട അവസരങ്ങളെ ഓർത്ത് വിലപിക്കുന്നത് തികച്ചും നിരർത്ഥകമാണെന്നും മനസിലാക്കണം. കാരണം, വിലപ്പെട്ട വർത്തമാനകാല നിമിഷങ്ങൾ അതിൽ അലിഞ്ഞില്ലാതായാൽ വിജയം വീണ്ടും ഒരു മരീചികയായി തുടരും.

(ലേഖകന്റെ ഫോൺ: 9656723481)



അവസരങ്ങൾ; വെബ്സൈറ്റുകൾ*

- alert@indeed.com ■ nice.com careers
- freshdesk.com careers ■ naukari.com
- monster india.com
- careerjet.com ■ careerage.com
- clickjobs.com ■ freshers world.com

ഗൾഫിലെ അവസരങ്ങൾക്ക്

- gulfwalkin.com

* വെബ് പോർട്ടലുകളാണ് ചിലത്. യോഗ്യത സഹിതം രജിസ്റ്റർ ചെയ്താൽ അനുയോജ്യമായ തൊഴിലവസരങ്ങൾ മെയിൽ വഴി അറിയിച്ചുകൊണ്ടിരിക്കും.

റാങ്ക് ലിസ്റ്റ് - തയ്യാറാക്കൽ മാനദണ്ഡം

പി.എസ്.സി കടമ്പ കടക്കാൻ

അഡ്വ. മരുതംകുഴി സതീഷ്കുമാർ

(പി.എസ്.സി മുൻ പരീക്ഷാ കൺട്രോളർ)

റാങ്ക് ലിസ്റ്റിന്റെ വലിപ്പം എത്രയായിരിക്കണം അവയിൽ എത്ര ഉദ്യോഗാർത്ഥികളെ ഉൾക്കൊള്ളിച്ചിരിക്കണം എന്ന കാര്യം മുൻകൂട്ടി നിശ്ചയിക്കാനാവില്ല. നിലവിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം, റാങ്കലിസ്റ്റിന്റെ കാലാവധിയിൽ നിലവിൽ വരുന്ന എണ്ണം എന്നിവയെ ആശ്രയിച്ചായിരിക്കും ഓരോ റാങ്ക് ലിസ്റ്റിന്റെയും വലിപ്പം.

ഇക്കാരണത്താൽ ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികൾ പരീക്ഷയെഴുതിയ തസ്തികകളുടെ റാങ്ക് ലിസ്റ്റിന്റെ വലിപ്പം ആനുപാതികമായി ചെറുതായിരിക്കും (ഉദാഹരണം വിവിധ വകുപ്പുകളിലെ എൽ.ഡി. ക്ലാർക്ക്), എന്നാൽ ആയിരങ്ങൾ പരീക്ഷയെഴുതിയ തസ്തികയുടെ റാങ്കലിസ്റ്റിൽ അവരെയെല്ലാം ഉൾപ്പെടുത്താനും സാദ്ധ്യതയുണ്ട് (ഉദാ. ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻ തസ്തിക)

പി.എസ്.സി റാങ്കലിസ്റ്റുകളുടെ കാലാവധിക്കും കൃത്യതയില്ല. ഏറ്റവും കുറഞ്ഞത് ഒരു വർഷം മുതൽ നാലര വർഷം വരെയാകാം. മുകളിൽ സൂചിപ്പിച്ച വസ്തുതകളുടെ അടിസ്ഥാനത്തിലാണ് പി.എസ്.സി റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നത്. ഇത്തരം ഓരോ ടെസ്റ്റുകൾ കഴിയുമ്പോഴും യോഗ്യത നേടാതെ പിൻതള്ളപ്പെടുന്നവരുടെ എണ്ണം കൂടുതലാകുമെങ്കിലും അവസാനം റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ ഉൾക്കൊള്ളിക്കേണ്ടവരുടെ എണ്ണം കുറയുമെന്നതിനാലാണ് ഇത്തരത്തിൽ ചെയ്യുന്നത്.

■റാങ്ക്/ഷോർട്ട് ലിസ്റ്റ് എണ്ണം നിശ്ചയിക്കൽ

ഒരു ലിസ്റ്റിൽ ഉൾക്കൊള്ളിക്കേണ്ട ഉദ്യോഗാർത്ഥികളുടെ എണ്ണം നിശ്ചിക്കുന്നത് മുകളിൽ സൂചിപ്പിച്ച വസ്തുതകളുടെയും ഇക്കാര്യത്തിൽ നിലവിലുള്ള നിയമത്തിന്റെയും ഇത് സംബന്ധിച്ച കോടതി ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണ്. അല്ലാതെ യാന്ത്രികമായല്ല എണ്ണം നിശ്ചയിക്കുന്നത്. ഓരോ തസ്തികകളുടെയും റാങ്കലിസ്റ്റ്/ ഷോർട്ട് ലിസ്റ്റ് തയ്യാറാക്കാൻ തീരുമാനമെടുക്കുന്ന അവസരത്തിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്, ഇതേ തസ്തികയ്ക്ക് മുൻപ് നിലവിലുണ്ടായിരുന്ന റാങ്ക് ലിസ്റ്റിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്, ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിന് മുൻപ് എത്ര ഒഴിവുകളുണ്ടാവാൻ സാദ്ധ്യതയുണ്ട് എന്നിവ കണക്കാക്കിയ ശേഷം ഇവയിൽ ഏതാണോ കൂടുതൽ ആയതിന്റെ അഞ്ചിരട്ടി/ മൂന്നിരട്ടി ഉദ്യോഗാർത്ഥികളെ ഉൾക്കൊള്ളിച്ചായിരിക്കണം മെയിൻലിസ്റ്റ് തയ്യാറാക്കേണ്ടത് എന്നും സാമുദായിക സംവരണം പാലിക്കുന്നതിനായി തയ്യാറാക്കുന്ന സപ്ലിമെന്ററി ലിസ്റ്റിൽ ഓരോ സംവരണ വിഭാഗത്തിലുംപെട്ട 3/4 ഇരട്ടി ഉദ്യോഗാർത്ഥികളെ ഉൾക്കൊള്ളിക്കണമെന്നുമാണ് നിയമം. ഒരു തസ്തികയുടെ തിരഞ്ഞെടുപ്പിനായി ഒന്നിലധികം ടെസ്റ്റുകൾ (പ്രാക്ടിക്കൽ ടെസ്റ്റ്, പ്രായോഗിക പരീക്ഷ, മറ്റ് ടെസ്റ്റുകൾ എന്നിവ) കൂടി ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ലിസ്റ്റിന്റെ വലിപ്പം കൂട്ടും.

പി.എസ്.സി ഒഴികെയുള്ള റിക്രൂട്ടിംഗ് ഏജൻസികളെല്ലാം നിലവിലുള്ള ഒഴിവുകളിലേക്കാണ് വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നത്. യു.പി.എസ്.സിയും, സ്റ്റാഫ് സെലക്ഷൻ കമ്മിഷനും, റെയിൽ റിക്രൂട്ട്മെന്റ് ബോർഡും അടക്കമുള്ളവ ഇത്തരത്തിലാണ് തിരഞ്ഞെടുപ്പ് പ്രക്രിയ നടത്തുന്നത്.

അതുകൊണ്ട് മെരിറ്റടിസ്ഥാനത്തിലും ഓരോ സംവരണ വിഭാഗക്കാർക്കും നിലവിലുള്ള ഒഴിവുകൾ കൃത്യമായി മനസിലാക്കി ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാനും പരീക്ഷകളിൽ പങ്കെടുക്കാനും വിജയിക്കാനുമാകും. എന്നാൽ കേരള പി.എസ്.സി നിലവിലുള്ള ഒഴിവുകളിലേക്കല്ല വിജ്ഞാപനം നൽകുന്നത്. മറിച്ച് ഭാവിയിൽ പ്രസ്തുത തസ്തികയിൽ നിലവിൽ വരാൻ സാദ്ധ്യതയുള്ള ഒഴിവുകളും ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നായിരിക്കും നികത്തുന്നത്.

■ഒഴിവുകൾ കണക്കാക്കപ്പെട്ടിട്ടില്ല

ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നത് പലപ്പോഴും ഒഴിവുകൾ കണക്കാക്കപ്പെട്ടല്ല, അല്ലെങ്കിൽ നാമമാത്രമായ ഒഴിവുകൾ കാട്ടിയായിരിക്കും. എന്നാൽ പ്രസ്തുത റാങ്ക്‌ലിസ്റ്റിന്റെ കാലാവധിയിൽ വിജ്ഞാപനം നൽകുന്ന സമയത്ത് സൂചിപ്പിച്ചിരിക്കുന്ന ഒഴിവുകളുടെ പലമടങ്ങ് ഒഴിവുകൾ നികത്തേണ്ടി വരും.

നിലവിലുള്ള നിയമനപ്രകാരം ഗസറ്റ് വിജ്ഞാപനം നൽകുന്ന അവസരത്തിൽ നിലവിലുള്ള ഒഴിവുകളിലേയ്ക്കും റാങ്ക്‌ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ എഴുതി അറിയിക്കുന്ന ഒഴിവുകളിലേയ്ക്കും പ്രസ്തുത റാങ്ക്‌ലിസ്റ്റിൽ നിന്നും നിയമനം നൽകേണ്ടതാണ്. എന്നാൽ ലിസ്റ്റിൽ ഉൾപ്പെടുത്തിയ എല്ലാവർക്കും നിയമനം ലഭിക്കുകയില്ല. മറ്റ് റിക്രൂട്ടിംഗ് ഏജൻസികളുടെ ലിസ്റ്റിൽ ഉൾപ്പെട്ടവർക്കെല്ലാം നിയമനം ലഭിക്കും.

എന്നാൽ പി.എസ്.സി ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാവർക്കും നിയമനം ലഭിക്കില്ല. ഇത്തരത്തിൽ പി.എസ്.സി. തയ്യാറാക്കിയ ഏറ്റവും വലിയ റാങ്ക് ലിസ്റ്റാണ് കെ.എസ്.ആർ.ടി.സിയിലെ കണ്ടക്ടർ തസ്തികയുടെ റാങ്ക്‌ലിസ്റ്റ്. ഈ ലിസ്റ്റിൽ 65,000 പേരെ ഉൾക്കൊള്ളിച്ചിരുന്നു, നിയമനം ലഭിച്ചതാകട്ടെ പതിനായിരത്തോളം പേർക്ക്മാത്രം.

■പിന്നാക്ക/പട്ടിക ജാതി വിഭാഗക്കാരുടെ എണ്ണം

കെ.എസ്. ആൻഡ് എസ്.എസ്. ആർ പാർട്ട് 2 റൂൾ 14 (ഇ) പ്രകാരം സംവരണ ടേണുകൾ നികത്തുന്നതിനായി ആവശ്യമായ ഉദ്യോഗാർത്ഥികളുടെ ലഭ്യത അനുസരിച്ച് ഓരോ സംവരണ വിഭാഗത്തിനായും ഏറ്റവും കുറഞ്ഞത് സംവരണ ക്വാട്ടകളുടെ അഞ്ചിരട്ടിയെങ്കിലും ഉൾക്കൊള്ളിച്ച് സംവരണ ക്വാട്ട നികത്തുന്നതിനായി സപ്ലിമെന്ററി ലിസ്റ്റുകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതാണ്.

ഇത്തരത്തിൽ അനുയോജ്യരായ ഉദ്യോഗാർത്ഥികളെ ഉൾക്കൊള്ളിക്കുന്നതിനായി ഗസറ്റ് വിജ്ഞാപന പ്രകാരമുള്ള കുറഞ്ഞ യോഗ്യത നേടിയവരുടെ മാർക്ക് ആവശ്യാനുസരണം പരമാവധി താഴ്ത്തി തയ്യാറാക്കേണ്ടതാണ്. ഇത്തരത്തിൽ പിന്നാക്ക/പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ ഉൾക്കൊള്ളിക്കുമ്പോൾ ഏറ്റവും കുറഞ്ഞത് 3) പേരെയോ പേരെയോ എങ്കിലും ഉൾക്കൊള്ളിച്ചിരിക്കണം എന്നും വ്യവസ്ഥയുണ്ട്.

■കട്ട് ഓഫ് മാർക്ക്

ഷോർട്ട്/റാങ്ക്‌ലിസ്റ്റിൽ ഉൾക്കൊള്ളിക്കുന്നതിന് പ്രത്യേക കട്ട് ഓഫ് മാർക്ക് ഉണ്ടോ എന്ന കാര്യം മിക്ക ഉദ്യോഗാർത്ഥികളും സംശയം ഉന്നയിക്കാറുണ്ട്. സുപ്രീംകോടതി വിധിപ്രകാരം കട്ട് ഓഫ് മാർക്ക് നിശ്ചയിക്കാൻ പാടില്ല.

ആയതിനാൽ പി.എസ്.സി ലിസ്റ്റുകളിൽ ഉൾക്കൊള്ളിക്കുന്നതിന് പ്രത്യേക കട്ട് ഓഫ് മാർക്ക് ഇല്ല. എന്നാൽ ഒരു തസ്തികയുടെ ലിസ്റ്റിൽ എത്ര ഉദ്യോഗാർത്ഥികളെ ഉൾക്കൊള്ളിക്കണം എന്ന് തീരുമാനിച്ചു കഴിഞ്ഞാൽ ആ തസ്തികയുടെ പരീക്ഷയിൽ ഉദ്യോഗാർത്ഥികളുടെ പ്രകടനത്തിന്റെ അടിസ്ഥാനത്തിലായിരിക്കും എത്ര മാർക്ക് വരെയുള്ളവർ ലിസ്റ്റിൽ ഉൾപ്പെടും എന്ന് കണക്കാക്കുന്നത്.

ഉദാഹരണമായി 60 ഉദ്യോഗാർത്ഥികളെ ഒരു ലിസ്റ്റിൽ ഉൾക്കൊള്ളിക്കാനായി 40 മാർക്ക് നേടിയവരെ ഉൾപ്പെടുത്തിയാൽ മതിയെങ്കിൽ ആ മാർക്ക് വരെ നേടിയവരെ ഉൾപ്പെടുത്തി മെയിൻ ലിസ്റ്റ് തയ്യാറാക്കും. ഓരോ സംവരണ വിഭാഗത്തിൽപ്പെട്ടവരെ ഉൾക്കൊള്ളിക്കാനായി പ്രസ്തുത 40 മാർക്കിൽ കുറവ് നേടിയവരെ ഉൾക്കൊള്ളിച്ച് സപ്ലിമെന്ററി ലിസ്റ്റും തയ്യാറാക്കും.

ലിസ്റ്റിലെ അവസാന റാങ്കുകൾക്ക് അർഹരായവർ നേടിയ മാർക്ക് ലഭിച്ച എല്ലാവരും ലിസ്റ്റിൽ ഉണ്ടാകണമെന്നില്ല. മുകളിൽ സൂചിപ്പിച്ച പ്രകാരം 60 മാർക്ക് നേടിയവരെ ഉൾക്കൊള്ളിച്ച് ലിസ്റ്റ് തയ്യാറാക്കുമ്പോൾ 60 മാർക്ക് നേടിയവർ നിരവധി ഉണ്ടാകും.

അവരെ എല്ലാവരെയും ലിസ്റ്റിൽ ഉൾക്കൊള്ളിച്ചാൽ ലിസ്റ്റിന്റെ വലിപ്പം ക്രമാതീതമായി കൂടും. അതുകൊണ്ട് 60 മാർക്ക് നേടിയവരിൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നവരുടെ ജനനത്തീയതിയുടെ കൂടി അടിസ്ഥാനത്തിൽ പ്രായം കുറഞ്ഞവരെ ലിസ്റ്റിൽ നിന്നും ഒഴിവാക്കി പ്രായം കൂടിയവരെ ലിസ്റ്റിൽ ഉൾപ്പെടുത്തി ലിസ്റ്റിന്റെ എണ്ണം ക്രമീകരിക്കാറുണ്ട്.

■റാങ്ക് ലിസ്റ്റ് ക്രമീകരിക്കുന്നത്

ഒരു റാങ്ക്/ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെടുത്താനായി മുൻപ് പറഞ്ഞപ്രകാരം 60 മാർക്ക് വരെയുള്ളവരെ ഉൾക്കൊള്ളിക്കാൻ തീരുമാനിക്കുന്നതിനും ഒരു പ്രക്രിയയുണ്ട്. ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടവരുടെ എണ്ണം (ഉദാ. 100/150) എന്ന് നിശ്ചയിച്ചു കഴിഞ്ഞാൽ അത്രയും എണ്ണം ഉദ്യോഗാർത്ഥികളെ ഉൾക്കൊള്ളിക്കാനായി മാർക്ക് താഴ്ത്തിനോക്കുമ്പോൾ 41 മാർക്ക് വരെയുള്ളവരെ ഉൾക്കൊള്ളിച്ചാൽ 96 പേരെയും 40 മാർക്ക് ആയി നിശ്ചയിച്ചാൽ 125 പേരെയും ഉൾക്കൊള്ളിക്കേണ്ടി വരും. അങ്ങനെയാവുമ്പോൾ 100-നോട് അടുത്ത സംഖ്യയായ 96 പേരെ ഉൾക്കൊള്ളിക്കാനായി 41 മാർക്ക് നേടിയവരെ ലിസ്റ്റിൽ ഉൾക്കൊള്ളിക്കണമെന്നാണ് നിയമം.

■തസ്തികമാറ്റം/ വികലാംഗർ പ്രത്യേക ലിസ്റ്റ്

തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് വികലാംഗ വിഭാഗത്തിൽ ഉൾപ്പെടാൻ അപേക്ഷ നൽകിയവർ മെയിൻലിസ്റ്റിൽ ഉൾപ്പെടാൻ അർഹതയുള്ളവരാണെങ്കിൽ അവർക്ക് മെയിൻലിസ്റ്റിലും അവർക്ക് വേണ്ടി തയ്യാറാക്കുന്ന പ്രത്യേക ലിസ്റ്റിലും ഉൾപ്പെടാൻ നിയമപ്രകാരം അർഹതയുണ്ട്. അത്തരക്കാരെ രണ്ട് ലിസ്റ്റിലും ഉൾക്കൊള്ളിക്കും.

■മാർക്ക് പ്രസിദ്ധീകരിക്കുമോ?

റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ മാർക്ക്, ലിസ്റ്റിനോടൊപ്പം പ്രസിദ്ധീകരിക്കും. എന്നാൽ ഉൾപ്പെടാത്തവരുടെ മാർക്ക്, ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഒരു മാസത്തിനകം പി.എസ്.സി വെബ്സൈറ്റിൽ നിന്നും ഉദ്യോഗാർത്ഥികൾക്ക് അറിയാം.

■ഏതൊക്കെ മാർക്കുകളാണ് ലിസ്റ്റിൽ ഉൾപ്പെടാൻ കണക്കാക്കുന്നത്

ഒ.എം.ആർ/ എഴുത്തു പരീക്ഷയുടെ മാർക്കിനോടൊപ്പം പ്രായോഗിക പരീക്ഷകളിൽ ലഭിച്ച ഗ്രേസ് മാർക്ക്, ഇന്റർവ്യൂവിന് ലഭിച്ച മാർക്ക്, എക്സ്-സർവീസ് മാൻ, വികലാംഗർ, കായിക താരങ്ങൾ എന്നിവർക്ക് ലഭിക്കുന്ന വെയിറ്റേജ്/ ഗ്രേസ് മാർക്ക് എന്നിവയാണ് സാധാരണയായി കണക്കാക്കുന്നത്. ഏതൊക്കെ മാർക്കുകൾ പരിഗണിച്ചു എന്നും അവ എത്ര വീതമാണ് ഒരു ഉദ്യോഗാർത്ഥിക്ക് ലഭിച്ചത് എന്നുമുള്ള വിവരം റാങ്ക് ലിസ്റ്റിൽ പ്രത്യേകം ചേർത്തിരിക്കും.

■അദ്ധ്യാപക തസ്തികകൾ

കോളേജ്/ ഹയർസെക്കൻഡറി/ വൊക്കേഷണൽ ഹയർസെക്കൻഡറി അദ്ധ്യാപക തസ്തികകൾക്ക് മുകളിൽ പറഞ്ഞ മാർക്കുകൾക്ക് പുറമേ അവരുടെ അടിസ്ഥാന യോഗ്യത നേടിയതിന് ശേഷം അവയ്ക്ക് ഉപരിയായി നേടിയ ഡോക്ടറേറ്റ്, പോസ്റ്റ് ഡോക്ടറൽ ഡിഗ്രി, എം.ഫിൽ എന്നിവയ്ക്ക് പ്രത്യേക മാർക്കും നൽകുന്നുണ്ട്.

■നേറ്റിവിറ്റി മാർക്ക്

ഇടക്കാലത്ത് എൽ.ഡി. ക്ലാർക്ക്/ എൽ.ജി.എസ് എന്നീ ജില്ലാതലത്തിൽ നടത്തുന്ന തിരഞ്ഞെടുപ്പുകൾക്ക് കേരളത്തിലെ ഏതെങ്കിലും ഒരു ജില്ലയിൽ ജനിച്ച ഉദ്യോഗാർത്ഥി അതേ ജില്ലയിലെ അപേക്ഷകനാണെങ്കിൽ അവർക്ക് നേറ്റിവിറ്റി മാർക്ക് നൽകിയിരുന്നു.

എന്നാൽ ഇത് ഭരണഘടനാ വിരുദ്ധമാണ് എന്ന് സുപ്രീംകോടതി കണ്ടെത്തിയതിനെ തുടർന്ന് ഇത് ഇപ്പോൾ ഒഴിവാക്കിയിരിക്കുകയാണ്.

(തുടരും......)

ഇ-മെയിൽ: advmaruthamkuzhiisatheesh@gmail.com
മൊബൈൽ: 9447451229

ഇസാഫ് ബാങ്കിൽ നിരവധി അവസരങ്ങൾ

■1660 ഓഫീസർ, ട്രെയിനി, യോഗ്യത: ബിരുദം

റിസർവ് ബാങ്ക് അംഗീകരിച്ച ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്കിൽ വിവിധ തസ്തികകളിലായി 1660 ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു.

തൃശൂരിലെ മണ്ണുത്തി ആസ്ഥാനമായാണ് ബാങ്ക് പ്രവർത്തിക്കുന്നത്. ഒഴിവുകളുള്ള തസ്തികകൾ: സെയിൽസ് ഓഫീസർ, റിലേഷൻഷിപ്പ് ഓഫീസർ, ക്രെഡിറ്റ് ഓഫീസർ, സെയിൽസ് ഓഫീസർ ട്രെയിനി. ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. അപേക്ഷിക്കാനായി രജിസ്ട്രേഷൻ ഫീസില്ല. ശമ്പളം നിർണയിക്കുന്നത്

യോഗ്യത, ജോലിപരിചയം, പെർഫോമൻസ് എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും. ഇന്ത്യയിലെവിടെയും ജോലിചെയ്യാൻ ഉദ്യോഗാർത്ഥികൾ സന്നദ്ധരായിരിക്കണം.

■റിലേഷൻഷിപ്പ് ഓഫീസർ - 500 ഒഴിവ്

യോഗ്യത: അംഗീകൃത സർവകലാശാലയിൽ നിന്ന് ഏതെങ്കിലും വിഷയത്തിൽ ബിരുദം അല്ലെങ്കിൽ ബിരുദാനന്തര ബിരദത്തോടെ ബാങ്കിംഗ്/ ധനകാര്യ/ എൻ.ബി.എഫ്.സി/ ഹോസ്പിറ്റാലിറ്റി മേഖലകളിൽ സെയിൽസ് വിഭാഗത്തിൽ രണ്ടുവർഷമെങ്കിലും മുൻപരിചയമുള്ളവർക്ക് അപേക്ഷിക്കാം.

■സെയിൽസ് ഓഫീസർ - 500 ഒഴിവ്

യോഗ്യത: അംഗീകൃത സർവകലാശാലയിൽ നിന്ന് ഏതെങ്കിൽ വിഷയത്തിൽ ബിരുദം അല്ലെങ്കിൽ ബിരുദാനന്തര ബിരുദത്തോടെ ബാങ്കിംഗ്/ ധനകാര്യ/ എൻ.ബി.എഫ്.സി/ ഹോസ്പിറ്റാലിറ്റി മേഖലകളിൽ സെയിൽസ് വിഭാഗത്തിൽ മൂന്നു വർഷമെങ്കിലും മുൻപരിചയമുള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷകർക്ക് മാർക്കറ്റിംഗ് / സെയിൽസ് അഭിരുചി നിർബന്ധമായും വേണം.

■ക്രെഡിറ്റ് ഓഫീസർ - 60 ഒഴിവ്

യോഗ്യത: അംഗീകൃത സർവകലാശാലയിൽ നിന്ന് ഏതെങ്കിലും വിഷയത്തിൽ ബിരുദവും ക്രെഡിറ്റ് അപ്രൈസൽ മേഖലയിൽ ഒരു വർഷം മുൻപരിചയവും.

■സെയിൽസ് ഓഫീസർ, ട്രെയിനി - 600 ഒഴിവ്

യോഗ്യത: ഏതെങ്കിലും വിഷയത്തിൽ ബിരുദാനന്തര ബിരുദം. മുൻപരിചയം ആവശ്യമില്ല. ബിരുദം ബാങ്കിംഗ്/ ധനകാര്യ/ എൻ.ബി.എഫ്.സി/ ഹോസ്പിറ്റാലിറ്റി മേഖലകളിൽ സെയിൽസ് വിഭാഗത്തിൽ ഒരു വർഷമെങ്കിലും മുൻപരിചയമുള്ളവർക്കും അപേക്ഷിക്കാം. അപേക്ഷകർക്ക് മാർക്കറ്റിംഗ്/ സെയിൽസ് അഭിരുചി നിർബന്ധം.

പ്രായം: 2017 ജൂലായ് ഏഴിന് 21-30 വയസ്. ബാങ്കിംഗ്/ ധനകാര്യമേഖലകളിൽ അനുയോജ്യമായ അധിക പ്രവൃത്തിപരിചയമുള്ളവർക്ക് പ്രായത്തിൽ ഇളവ് അനുവദിച്ചിട്ടുണ്ട്.

മറ്റു ബാങ്കുകളിൽ സമാന തസ്തികകളിൽ ജോലി ചെയ്യുന്നവർക്കും മുതിർന്ന ഉദ്യോഗസ്ഥർക്കും അപേക്ഷിക്കാം.

www.esafbank.com എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള വിജ്ഞാപനം നോക്കിയ ശേഷം ഇതേ വെബ്സൈറ്റ് വഴി ഓൺലൈൻ ആയി വേണം അപേക്ഷിക്കാൻ. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: ഓഗസ്റ്റ് 11.

ബഹിരാകാശ വകുപ്പിൽ ബിരുദധാരികൾക്ക് അവസരം

■313 അസിസ്റ്റന്റ്, യു.ഡി.സി

ഐ.എസ്.ആർ.ഒ സെൻട്രലൈസ്ഡ് റിക്രൂട്ട്മെന്റ് ബോർഡ് ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷനിൽ അസിസ്റ്റന്റ് അപ്പർ ഡിവിഷൻ ക്ലാർക്ക് തസ്തികകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. ബിരുദധാരികൾക്കാണ് അവസരം. പരസ്യ വിജ്ഞാപന നമ്പർ: ISRO HQ:ICRB:03:2017.

ബഹിരാകാശ വകുപ്പിന് കീഴിൽ വിവിധ സോണുകളിൽ പ്രവർത്തിക്കുന്ന ഐ.എസ്.ആർ.ഒ സെന്ററുകൾ യൂണിറ്റുകൾ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിലായി 313 ഒഴിവുകളാണ് ആകെയുള്ളത്. ഒഴിവുകൾ ചുവടെ.

ഐ.എസ്.ആർ.ഒ സെന്ററുകൾ/ യൂണിറ്റുകളിൽ അസിസ്റ്റന്റ് (അഡ്മിനിസ്ട്രേറ്റീവ് സപ്പോർട്ട് സ്റ്റാഫ്)-272 ഒഴിവുകൾ. (അഹമ്മദാബാദ്-20, ബംഗളൂരു- 97, ഹൈദരാബാദ്-27, ന്യൂഡൽഹി -4, ശ്രീഹരിക്കോട്ട - 35, തിരുവനന്തപുരം -89)

ഡിപ്പാർട്ട്മെന്റ് ഓഫ് സ്പേസിൽ അപ്പർ ഡിവിഷൻ ക്ലാർക്ക്-2 ഒഴിവുകൾ (ബംഗളൂരു)

ഡിപ്പാർട്ട്മെന്റ് ഓഫ് സ്പേസിന് കീഴിലുള്ള സ്വയംഭരണസ്ഥാപനങ്ങൾ, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിൽ അസിസ്റ്റന്റ്- 39 ഒഴിവുകൾ. (അഹമ്മദാബാദ്-16, ബംഗളൂരു - 7, ഹൈദരാബാദ്- 1, ന്യൂഡൽഹി -14, തിരുവനന്തപുരം-1)

യോഗ്യത: ആർട്സ്, കൊമേഴ്സ്, മാനേജ്മെന്റ്, സയൻസ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ വിഷയങ്ങളിൽ ഒന്നിൽ ഫസ്റ്റ് ക്ലാസോടെ ബിരുദം. കമ്പ്യൂട്ടർ പരിജ്ഞാനം വേണം.

പ്രായം: 18നും 26നും ഇടയിൽ. ജൂലായ് 31 അടിസ്ഥാനമാക്കിയാണ് പ്രായവും യോഗ്യതയും കണക്കാക്കുക.

സംവരണ വിഭാഗക്കാർക്ക് ഉയർന്ന പ്രായപരിധിയിൽ ചട്ടപ്രകാരം ഇളവ് ലഭിക്കും. www.isro.gov.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി രജിസ്റ്റർ ചെയ്യണം. അവസാന തീയതി: ജൂലായ് 31.

തൊഴിലിന് കാനഡ ഇമിഗ്രേഷന് അപേക്ഷിക്കാം

▶ഡോ ടി.പി. സേതുമാധവൻ

ലോകത്ത് തൊഴിലില്ലായ്മ ഏറ്റവും കുറഞ്ഞ രാജ്യമാണ് കാനഡ. അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് സ്കിൽഡ് വർക്കർ വിഭാഗത്തിൽ പ്രവർത്തിക്കാൻ കാനഡ ഇമിഗ്രേഷന് അപേക്ഷിക്കാം.

അമേരിക്ക, യു.കെ, ആസ്ട്രേലിയ, സിംഗപ്പൂർ എന്നീ രാജ്യങ്ങളിൽ തൊഴിൽ വിസകളിലുള്ള നിയന്ത്രണം കാനഡയിലേക്ക് ഇന്ത്യൻ വിദ്യാർത്ഥികളെ ആകർഷിച്ചുവരുന്നു. 2015 മുതലാരംഭിച്ച കാനഡ എക്സ്പ്രസ് എൻട്രി ഇമിഗ്രേഷൻ സിസ്റ്റത്തിൽ 2017 ജൂൺ 6 മുതൽ നിരവധി പരിഷ്കാരങ്ങളാണ് വരാനിരിക്കുന്നത്. കാനഡയിൽ തൊഴിൽ നേടാൻ രണ്ട് രീതികൾ അവലംബിക്കാം. ഉപരിപഠനത്തിനായി സ്റ്റുഡന്റ് വിസയിൽ കാനഡയിലെത്തി പഠനം പൂർത്തിയാക്കി തൊഴിലിന് ശ്രമിക്കാം. രണ്ടാമത്തെ രീതി കാനഡ ഇമിഗ്രേഷന് അപേക്ഷിക്കുക എന്നതാണ്. കാനഡ ഇമിഗ്രേഷൻ ലഭിച്ചാൽ കാനഡയിൽ യോഗ്യതയ്ക്കനുസരിച്ച് വൈദഗ്ധ്യമേഖലകളിൽ തൊഴിൽ കണ്ടെത്താം.

കാനഡ ഇമിഗ്രേഷന് എക്സ്പ്രസ് വിസയിലൂടെ നടപടിക്രമങ്ങൾ എളുപ്പത്തിൽ പൂർത്തിയാക്കാം. എക്സ്പ്രസ് എൻട്രി വിഭാഗത്തിൽ കാനഡയിലെ സാമ്പത്തിക പ്രോഗ്രാമുകളുമായി ബന്ധപ്പെട്ട് ഫെഡറൽ സ്കിൽഡ് വർക്കർ വിഭാഗം, സ്കിൽഡ് ട്രൈഡ് പ്രോഗ്രാം, കാനഡ പ്രവൃത്തി പരിചയം എന്നിവയിൽ ഇമിഗ്രേഷന് ശ്രമിക്കാം! ഇമിഗ്രേഷന് അപേക്ഷിക്കുന്നവർ ഇതിന് യോഗ്യരാണോ എന്നതിനു സ്കോർ നിലവാരമുണ്ട്. ഇത് വിലയിരുത്തി ഉദ്യോഗാർത്ഥിക്ക് തന്നെ യോഗ്യനാണോയെന്ന് മനസിലാക്കാം. മൊത്തം സ്കോർ 60 ശതമാനത്തിനു മുകളിലാണെങ്കിൽ കാനഡ ഇമിഗ്രേഷന് അപേക്ഷിക്കാം.

കരിയർ വിൻഡോ
CAREER WINDOW

ഇംഗ്ലീഷ് പ്രാവീണ്യ പരീക്ഷയിൽ ഐ.ഇ.എൽ.ടി.എസ് സ്കോർ, യോഗ്യത, പ്രവൃത്തി പരിചയം, പാഠ്യേതര കഴിവുകൾ, മുമ്പ് അപേക്ഷ നൽകിയ പരിചയം മുതലായവയ്ക്ക് അനുസരിച്ച് പ്രത്യേക സ്കോർ കാർഡുണ്ട്. സംയോജിത റാങ്കിംഗ് രീതിയാണ് ഇമിഗ്രേഷൻ സാദ്ധ്യത നിശ്ചയിക്കുന്നത്. ഇമിഗ്രേഷന് അപേക്ഷിക്കാൻ നിരവധി രേഖകൾ ആവശ്യമാണ്. 2017

ആദ്യത്തെ 6 മാസം 30000 കാനഡ ഇമിഗ്രേഷൻ ഒഴിവുകളാണ് നിലവിലുള്ളത്. സ്കിൽഡ് വർക്കർ വിഭാഗത്തിലാണ് ഒഴിവുകളേറെയും! ഇത് കൂടുതലും ഫെഡറൽ സ്കിൽഡ് വർക്കർ വിഭാഗത്തിലാണ്. പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന ലഭിക്കും. നഴ്സിംഗ്, പാരാമെഡിക്കൽ, ഐ.ടി, ഹോസ്പിറ്റാലിറ്റി, ടൂറിസം, ഗവേഷണം, പ്രൊഫഷണലുകൾ, ഡോക്ടർമാർ എന്നിവർക്ക് മുൻഗണന ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് www.immigration.ca

എയർ ഇന്ത്യയിൽ വനിതകൾക്ക് അവസരം

■വനിതാ ക്യാബിൻ ക്രൂ തസ്തികയിൽ 400 ഒഴിവുകൾ

വനിതകൾക്ക് എയർ ഇന്ത്യയുടെ നോർത്തേൺ റീജനിൽ അവസരം. ഫീമെയിൽ കാബിൻ ക്രൂ തസ്തികയിൽ 400 ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ട്രെയിനി കാബിൻ ക്രൂ, എക്സ്പീരിയൻസ് കാബിൻ ക്രൂ എന്നിങ്ങനെ രണ്ട് വിഭാഗങ്ങളിലാണ് ഒഴിവുകളുള്ളത്. അഞ്ച് വർഷത്തെ കരാർ അടിസ്ഥാനത്തിലാണ് നിയമനം.

ട്രെയിനികളുടെ നിയമനം നടത്തുന്നത് മുൻപരിചയമുള്ള അപേക്ഷകരെ പരിഗണിച്ചതിന് ശേഷമുള്ള ഒഴിവുകളിലേയ്ക്കാണ്. യോഗ്യത: ബിരുദം അല്ലെങ്കിൽ പ്ലസ് ടു. ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജിയിലോ ട്രാവൽ ആൻഡ് ടൂറിസത്തിലോ മൂന്നു വർഷത്തെ ഡിഗ്രി/ ഡിപ്ലോമ. ഇംഗ്ലീഷിലും ഹിന്ദിയിലും ഒഴുക്കോടെ സംസാരിക്കാനുള്ള കഴിവ്. അപേക്ഷക അവിവാഹിതയായിരിക്കണം. ഒരുവർഷം മുൻപരിചയമുള്ള നിലവിൽ ജോലി ചെയ്യുന്നവർക്ക് എക്സ്പീരിയൻസ് കാബിൻ ക്രൂവിലേക്ക് അപേക്ഷിക്കാം. ട്രെയിനി തസ്തികയിലേക്ക് മുൻപരിചയം വേണ്ട. പ്രായം: മുൻപരിചയമുള്ളവർക്ക് 18നും 35 നും ഇടയിൽ. മറ്റുള്ളവർക്ക് 18നും 27നും ഇടയിൽ. എസ്.സി, എസ്.ടി വിഭാഗക്കാർക്ക് അഞ്ച് വർഷത്തെയും ഒ.ബി.സിക്കാർക്ക് 3 വർഷത്തെയും ഇളവ് ലഭിക്കും. ശാരീരിക യോഗ്യതകൾ: ഉയരം 160 സെ.മീ ബോഡി മാസ് ഇൻഡക്സ് 18നും 22 നും ഇടയിൽ. സമീപ കാഴ്ച N/5& N/6, ദൂരക്കാഴ്ച 6/6& 6/9 കണ്ണട അനുവദിനീയമല്ല. അപേക്ഷാഫീസ്: 1000 രൂപ. എയർ ഇന്ത്യ ലിമിറ്റഡ് എന്ന പേരിൽ ഡൽഹിയിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റുമായാണ് ഫീസ് അടയ്ക്കേണ്ടത്. എസ്.സി, എസ്.ടി വിഭാഗക്കാർക്ക് ബാധകമല്ല. www.airindia.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി വേണം അപേക്ഷിക്കാൻ. ആഗസ്റ്റ് 1 ആണ് ഓൺലൈൻ രജിസ്ട്രേഷനുള്ള അവസാന തീയതി.